പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3216

20-6-2014-ൽ മറുപടിക്ക്

## ഖനന യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പഞ്ചായത്ത് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ: | ഡോ.എം.കെ.മുനീർ:<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനനയൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത് ലൈസൻസ് ആവശ്യമാണോ ; | (എ) ആവശ്യമാണ്. |
| (ബി) എങ്കിൽ പഞ്ചായത്തുകൾ ലൈസൻസ് നൽകാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ? | (ബി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സമ്മതപത്രം, സ്വകാര്യ ഭൂമിയാണെങ്കിൽ റവന്യൂ വകുപ്പിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്, റവന്യൂ ഭൂമിയാണെങ്കിൽ 1957-ലെ കെ.എൽ.സി ആക്ട് പ്രകാരം റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതി, 1983-ലെ എക്സ്പ്ളോസീവ് ചട്ടങ്ങൾ പ്രകാരം ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽ നിന്നും സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള അനുമതി, ലൈസൻസുള്ള ബ്ലാസ്റ്ററുടെ സേവനം, മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റ് എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും പരിസ്ഥിതി വകുപ്പിന്റെ 21-2-2014-ലെ ജി.ഒ (എം.എസ്) നമ്പർ 2-14-ഇഎൻവിറ്റി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ